ഗ്രാമറോഡുകൾ

*നമ്പർ.(ചോ.)ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാമങ്ങളിൽ റോഡുകൾ വെട്ടുന്നതിനു് എതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി എന്താണു്?

മരാമത്തും ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഈ. ജാൺ ഫിലിപ്പോസു്):

(എ) ഇല്ല. ഒരു പഞ്ചവത്സര പദ്ധതിതയാറാക്കിക്കൊണ്ടിരിക്കുകയാണു്.

(ബി) എ.യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ പദ്ധതി ആരാണു് തയാറാക്കുന്നതു്?

ശ്രീ. ഈ ജാൺ പിലിപ്പോസു്: അതിലേയ്ക്കു ഒരു സ്പെഷ്യൽ സബ്ഡിവിഷൻ ആഫീസറെ നിയോഗിച്ചിട്ടുണ്ടു്.

ഫുഡ് പ്രൊഡക്ഷൻ സ്കീം

*നമ്പർ (എ) (ചോ) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഫുഡ് പ്രൊഡക്ഷൻ സ്കീമിനുവേണ്ടി എത്ര ഉറുപ്പിക ഈ ഫൻ ൧ ൟലെ നം ൦–ാംനമ്പർവരെ ചിലവുചെയ്തിട്ടുണ്ടു്?

(ബി) ഏതെല്ലാം താലൂക്കുകളിലാണു് പ്രവർത്തനം നടത്തിയിരിക്കുന്നതു്;

(സി) താലൂക്ക് കമ്മറിറികളും സെൻട്രൽ കമ്മറിറിയും ശുപാർശ ചെയ്ത എല്ലാ പദ്ധതികളും സ്വീകരിച്ചു് പണി തുടങ്ങിയിട്ടുണ്ടോ;

(ഡി) താലൂക്ക് കമ്മറിറികളോ സെൻട്രൽ കമ്മറിറിയോ അറിയുകയോ ശുപാർശ ചെയ്യുകയോ ചെയ്യാത്ത വല്ല ചിറ്റു് പണികളും തലപ്പിള്ളി താലൂക്കിൽ പൈംകുളം വില്ലേജിൽ പണിചെയ്തിട്ടുണ്ടോ;

(ഇ) ആ പണി പഞ്ചായത്തിൻകീഴിൽ ശുപാർശ ചെയ്തിരുന്നതായിരുന്നുവോ;

(എഫ്) അതിന്മേൽ നാട്ടുകാർക്ക് ആക്ഷേപമുണ്ടായി ഗവൺമെൻറ് അന്വേഷണത്തിനു് സ്റ്റേ മേടിച്ചു പണി നിർത്തിവെച്ചിരുന്നുവോ;

(ജി) ആ അന്വേഷണം കഴിഞ്ഞു ഇഞ്ചിനീയറിംഗ് വിദഗ്ധ ഉദ്യോഗസ്ഥൻ ആക്ഷേപം തീരുവാൻ ഒരു ചിറ്റുകൂടി മുകളിൽകെട്ടി വെള്ളംതിരിച്ചു് ഇരുകക്ഷികൾക്കും ഗുണമായവിധം പണിചെയ്യിക്കണമെന്നു് ശുപാർശ ചെയ്തിരുന്നില്ലേ;

(എച്ചു്) അതുപ്രകാരം പ്രവർത്തിക്കാതെ ഫുഡ്പ്രൊഡക്ഷൻ ഡിപ്പാർട്ടുമെണ്ടിൽനിന്നും പ്രവർത്തി നടത്തിയതിനു് പ്രത്യേകകാരണമെന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ഐ) വർഷകാലത്തിനെറ കാഠിന്യ ദിവസകാലങ്ങളിൽ തോട്ടിൽ ചിറകെട്ടി വെള്ളംതിരിച്ചുവിട്ടു് കൃഷി ദോഷം വരുത്തിയതിനു ആക്ഷേപം കിട്ടിയിട്ടുണ്ടോ;

(ജെ) അതിൻെറ ഫലമായി ഗവൺമെണ്ടു് എന്തുചെയ്തു എന്നു പറയുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly